# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2090

17.06.2014 ൽ മറുപടിയ്ക്ക്

## കേരള സഹകരണ സംഘം ചട്ടങ്ങളിലെ ഭേദഗതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. എസ്. ശർമ്മ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കേരള സഹകരണ സംഘം ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഏതെല്ലാം ചട്ടങ്ങളിൽ എന്തെല്ലാം ഭേദഗതികളാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും അതിന് ഇടയായ സാഹചര്യം എന്താണെന്നും വെളിപ്പെടുത്തുമോ; | (എ) 1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം 14.2.2014 ലെ 365/2013/സഹ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയും ആയത് 25.2.2014 ലെ കേരള ഗസറ്റ് അസാധാരണം നമ്പർ 728 ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭേദഗതി നിർദ്ദേശങ്ങളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br>സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയ്ക്കും പുരോഗതിയ്ക്കും വേണ്ടിയും, കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിന് വേണ്ടിയും, അതോടൊപ്പം വിവിധ വിഷയങ്ങളിൽ നീതി ന്യായപീഠം പുറപ്പെടുവിച്ചിട്ടുള്ള വിധികളും, വിലയിരുത്തലുകളും കണക്കിലെടുത്ത് കൊണ്ടും 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായുമാണ് കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ആയതിന്മേൽ വിവിധ സംഘടനകളും വ്യക്തികളും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അവ പരിശോധിച്ചു വരികയാണ്. |

| | |
|---|---|
| (ബി) ചട്ടങ്ങളുടെ ഭേദഗതി നിർദ്ദേശം ഏതെങ്കിലും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദമാക്കുമോ; | (ബി) ചട്ടങ്ങളുടെ ഭേദഗതി നിർദ്ദേശം പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ളതല്ല. |
| (സി) സഹകാരികളുടെയും സഹകരണ ജീവനക്കാരുടെയും സംഘടനകളുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ടായിരുന്നുവോ; സംഘടനകളുടെ ഏതെല്ലാം എതിർപ്പിനെ അവഗണിക്കുകയുണ്ടായിട്ടുണ്ട്; | (സി) കേരള സഹകരണ സംഘം ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനായി സഹകാരികളുമായോ സഹകരണ ജീവനക്കാരുടെ സംഘടനകളുമായോ പ്രത്യേക ചർച്ച നടത്തിയിട്ടില്ല. കരട് ചട്ടങ്ങളിന്മേലുള്ള നിർദ്ദേശങ്ങളും ആക്ഷേപങ്ങളും വിവിധ സംഘടനകളും വ്യക്തികളും നൽകിയിട്ടുണ്ട്. അവ പരിശോധിച്ചുവരുന്നു. |
| (ഡി) നിർദ്ദേശങ്ങൾ, സംഘങ്ങളുടെ ജനാധിപത്യത്തേയും അവകാശാധികാരങ്ങളേയും ഹനിക്കുന്നതാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ? | (ഡി) ഭേദഗതി നിർദ്ദേശങ്ങളിന്മേൽ ലഭിച്ച ആക്ഷേപങ്ങൾ/നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി 14.02.2014 ലെ 365/2013/സഹ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച കരട് ഭേദഗതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1) **ചട്ടം 2 (aa)**

കോ-ഓപ്പറേറ്റീവ് മെമ്പർ റിലീഫ് ഫണ്ടിന്റെ നിർവചനം

2) **ചട്ടം 3 (6)**

സംഘം രജിസ്ട്രേഷൻ ഫീസിലെ വർദ്ധനവ്.

3) **ചട്ടം (4) ക്ലോസ് (V)**

സംഘം രജിസ്ട്രേഷൻ നടപടിക്രമം.

4) **ചട്ടം 4 A**

സംഘം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടാൽ നൽകേണ്ട സർട്ടിഫിക്കറ്റ്.

5) **ചട്ടം 8 A**

ജനറൽ ബോഡി മീറ്റിംഗ് - നോട്ടീസ് നടപടി ക്രമം.

6) **ചട്ടം 9**

ബൈലാ ഭേദഗതി നടപടി ക്രമം

7) **ചട്ടം 9 (iv) (c)**

ബൈലോ രജിസ്ട്രേഷൻ ഫീസ് വർദ്ധനവ്

8) **ചട്ടം 10**

ഒഴിവാക്കുന്നത്

9) **ചട്ടം 13**

സംഘങ്ങളുടെ അമാൽഗമേഷൻ, ആസ്തി ബാദ്ധ്യതകളുടെ കൈമാറ്റം, വിഭജനം സംബന്ധിച്ച്.

10) **ചട്ടം 14**

ഒഴിവാക്കുന്നത്

11) **ചട്ടം 15**

സംഘം ക്ലാസിഫിക്കേഷനിലുള്ള ഭേദഗതി.

12) **ചട്ടം 16 (2) (f)**

അംഗത്വം നൽകുന്നതിനുള്ള നിബന്ധനകളിലെ കൂട്ടിചേർക്കൽ.

13) **ചട്ടം 16 D**

ഐഡന്റിറ്റി കാർഡ് നിരിസിച്ചാലുള്ള അപ്പീലിന് ഫീസ് ഏർപ്പെടുത്തുന്നത്.

14) <u>ചട്ടം 16 E</u>

സെൻട്രൽ / അപെക്സ് സംഘങ്ങളിലെ അഫിലിയേഷൻ - ഭേദഗതി.

15) <u>ചട്ടം 18</u>

അംഗങ്ങളെ പുറത്താക്കൽ - കാരണങ്ങളിൽ ബൈലാ വ്യവസ്ഥകൾ പാലിക്കാതിരുന്നാൽ - കൂട്ടി ചേർക്കുന്നത്

16) <u>ചട്ടം 18 A</u>

അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നിബന്ധനകൾ.

17) <u>ചട്ടം 29</u>

വോട്ട് ചെയ്യുന്നതിന് യോഗ്യതയുള്ള മെമ്പർമാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ - കൂട്ടി ചേർക്കുന്നത്

18) <u>ചട്ടം 30</u>

സർക്കാരിലേക്കുള്ള തുക ഈടാക്കുന്നത് സംബന്ധിച്ച്.

19) <u>ചട്ടം 31</u>

വോട്ട് ചെയ്യാൻ യോഗ്യതയുള്ള അംഗങ്ങളുടെ രജിസ്റ്റർ - കൂട്ടി ചേർക്കുന്നത്.

20) <u>ചട്ടം 33</u>

സംഘം നൽകേണ്ട സ്റ്റേറ്റ്മെന്റ്/റിട്ടേണുകൾ - കൂട്ടി ചേർക്കുന്നത്.

21) <u>ചട്ടം 34 A (8)</u>

പ്രാതിനിധ്യ പൊതുയോഗം - തിരഞ്ഞെടുപ്പ് ചെലവുകൾ - മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള അധികാരം തിരഞ്ഞെടുപ്പ് കമ്മീഷന് - നൽകുന്നത്.

22) <u>ചട്ടം 35</u>

ഒഴിവാക്കുന്നത്

23) <u>ചട്ടം 35 A</u>

- 'രജിസ്ട്രാർ' ന്റെ വിശദീകരണം.

- സംഘം തിരഞ്ഞെടുപ്പ് നടപടി ക്രമം - ഭേദഗതി.

24) <u>ചട്ടം 35 B</u>

സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷന്റെ അധികാരം - ഭേദഗതി.

25) <u>ചട്ടം 35 D</u>

റീജിയണൽ/ജില്ലാ തിരഞ്ഞെടുപ്പ് ആഫീസർമാരുടെ നിയമനം - നടപടി ക്രമം.

26) <u>ചട്ടം 35 E</u>

സംഘം തിരഞ്ഞെടുപ്പ് - ഫീസ് ഏർപ്പെടുത്തുന്നത്

27) <u>ചട്ടം 38</u>

സംഘം ഭരണ സമിതി തിരഞ്ഞെടുപ്പ് - നടപടി ക്രമം.

28) <u>ചട്ടം 39</u>

സംഘം ഭരണ സമിതി കാലാവധി സംബന്ധിച്ച്.

29) <u>ചട്ടം 40</u>

വകുപ്പ് 74 A എന്ന് കൂടി ചേർക്കുന്നത്.

30) <u>ചട്ടം 43</u>

സംഘം പ്രസിഡന്റ്/വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടപടി ക്രമം - ഭേദഗതി.

31) <u>ചട്ടം 47 (e)</u>

കാഷ്, സെക്യൂരിറ്റി, റെക്കാർഡ്സ് എന്നിവ സംബന്ധിച്ച് - ഭേദഗതി.

32) <u>ചട്ടം 53</u>

സഹകരണ വിദ്യാഭ്യാസ ഫണ്ട് - ഭേദഗതി.

33) <u>ചട്ടം 53 A</u>

സഹകരണ മെമ്പർ റിലീഫ് ഫണ്ട് - രൂപീകരണം

34) <u>ചട്ടം 64</u>

ആഡിറ്റ്, ആഡിറ്റർമാരുടെ പാനൽ, ആഡിറ്റർമാരുടെ നിയമനം.

35) <u>ചട്ടം 64 A</u>

ആഡിറ്റർമാരുടെ യോഗ്യതകൾ.

36) <u>ചട്ടം 64 B</u>

ആഡിറ്റ് റിപ്പോർട്ട്.

37) <u>ചട്ടം 67</u>

മോണിറ്ററി/നോൺ മോണിറ്ററി ഡിസ്പ്യൂട്ട്സ് ഫീസ് - പരിഷ്കരണം.

38) <u>ചട്ടം 69</u>

ലിക്വിഡേറ്ററുടെ നടപടി ക്രമം - ഭേദഗതി.

39) <u>ചട്ടം 74</u>

എക്സിക്യൂഷൻ ഫീസ് - എസ്.സി./എസ്.റ്റി., സ്കൂൾ സംഘങ്ങളെ ഒഴിവാക്കൽ.

40) <u>ചട്ടം 124 A</u>

റിവിഷൻ അപേക്ഷ - ഫീസ് പരിഷ്കരണം.

41) <u>ചട്ടം 144 A</u>

സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ - അവിശ്വാസ പ്രമേയം - നടപടി ക്രമം.

42) <u>**ചട്ടം 148**</u>

അഫിലിയേഷൻ ഫീസ് പരിഷ്കരണം.

43) <u>**ചട്ടം 178 A**</u>

ബ്രാഞ്ചുകൾ ആരംഭിക്കുന്നത് - ഫീസ്.

44) <u>**ചട്ടം 182**</u>

സംഘം റീ-ക്ലാസിഫിക്കേഷൻ - ഫീസ്.

45) <u>**ചട്ടം 185**</u>

സംഘം ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ്, പ്രൊമോഷൻ എന്നിവ സംബന്ധിച്ച്.

46) <u>**ചട്ടം 186**</u>

സംഘം ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത.

47) <u>**ചട്ടം 187**</u>

അപെക്സ് / സെൻട്രൽ സംഘങ്ങളിലെ ഒഴിവുകൾ - ഭേദഗതി.

48) <u>**ചട്ടം 188 A**</u>

ആശ്രിത നിയമനം - ഭേദഗതി.

49) <u>**ചട്ടം 189**</u>

സംഘം ജീവനക്കാരുടെ വേതനം - ഭേദഗതി.